വഴിവെളിച്ചം

# തെറ്റുകുറ്റങ്ങൾ പരസ്യപ്പെടുത്താതിരിക്കുക

عــنِ ابْن مَسْعود رَضِي اللّه عَنه قَالَ إِنِّي لَأَذْكُرُ أَوَّلَ رَجُلٍ قَطَعَهُ رَسُول اللَّهِ صَلَّى اللَّهُ عَــلَيْهِ وَسَلَّمَ ، أُتِيَ بِسَارِقٍ فَأَمَرَ بِقَطْعِهِ ، فَكَأَنَّما أسف وَجه رَسُول اللَّهِ صَلَّى اللَّهُ عَلَيْهِ وَسَـــلَّمَ رَمَادً ، فَقَالُوا : يَا رَسُـــولَ اللَّهِ كَأَنَّكَ كَرِهْتَ قَطْعَهُ ؟ قَالَ : وَمَا يَمْنَعُنِي ! لَا تَكُونُوا أَعْوَانًا لِلشَّيْطَانِ عَلَى أَخِيكُمْ ، إِنَّهُ لَا يَنْبَغِي لِإِمَامٍ إِذَا انْتَهَى إِلَيْهِ حدّ إِلّا أَنْ يُقِيمَهُ ، إِنَّ اللَّهَ عَفُوٌّ ، يُحِبُّ الْعَفْوَ ( وَلْيَعْفُوا وَلْيَصْفَحُوا أَلَا تُحِبُّونَ أَنْ يَغْفِرَ اللَّهُ لَكُمْ ، وَاللَّهُ غَفُورٌ رَحِيمٌ )

**അബ്ദുല്ലാഹിബ്നു മസ്ഊദി(റ)ൽനിന്ന് നിവേദനം. അദ്ദേഹം പറയുന്നു: "നബി(സ) ആദ്യമായി കൈമുറിച്ച വ്യക്തിയെ ഞാൻ ഓർക്കുകയാണ്. ഒരിക്കൽ ഒരു മോഷ്ടാവിനെ നബിയുടെ അടുത്ത് കൊണ്ടുവന്നു. പ്രവാചകൻ അയാളുടെ കൈ വെട്ടാൻ കൽപിച്ചു. അന്നേരം തിരുദൂതരുടെ മുഖം ദുഃഖത്താൽ വെണ്ണീറ് പോലെ നിറം മാറിയിരുന്നു. ചിലർ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, അയാളുടെ കൈ മുറിക്കുന്നത് താങ്കൾ വെറുക്കുന്നതുപോലെയുണ്ടല്ലോ!' നബി(സ) പറഞ്ഞു: 'അതേ, എങ്ങനെയാണ് ഞാനത് ഇഷ്ടപ്പെടുക! നിങ്ങൾ നിങ്ങളുടെ സഹോദരനെതിരിൽ പിശാചിനെ സഹായിക്കുന്നവരാകരുത്. ശിക്ഷാർഹമായ കുറ്റങ്ങൾ ഭരണാധികാരിയുടെ മുന്നിലെത്തിയാൽ ശിക്ഷ നടപ്പിലാക്കുകയല്ലാതെ നിർവാഹമില്ല. എന്നാൽ അല്ലാഹു വിട്ടുവീഴ്ച ചെയ്യുന്നവനും വിട്ടുവീഴ്ച ഇഷ്ടപ്പെടുന്നവനുമാണ്.' തുടർന്ന് വിശുദ്ധ ഖുർആനിലെ ഈ സൂക്തം അവിടുന്ന് പാരായണം ചെയ്തു: ജനങ്ങൾ മാപ്പു നൽകുകയും വിട്ടുവീഴ്ച കാണിക്കുകയും ചെയ്യട്ടെ. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരണമെന്ന് നിങ്ങളാഗ്രഹിക്കുന്നില്ലേ? അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ" (24:22). ***

**ഒ**രിക്കൽ ഒരാൾ അബ്ദുല്ലാഹിബ്നു മസ്ഊദി(റ)ന്റെ മുമ്പിൽ ഒരു മദ്യപാനിയെ കൊണ്ടുവന്നു. അയാൾ പറഞ്ഞു: 'ഇയാൾ കുടിച്ചു മത്തായവനാണ്.' ഇബ്നു മസ്ഊദ്(റ) ജനങ്ങളോട് അയാളുടെ വായയും മുഖവും മണത്ത് നോക്കാൻ പറഞ്ഞു. മദ്യപാനിയാണ് എന്നുറപ്പായപ്പോൾ അയാളെ ശിക്ഷിക്കാൻ ഉത്തരവിട്ടു. പിന്നെ മദ്യപനെ കൊണ്ടുവന്നയാളെ ഇപ്രകാരം ഉപദേശിച്ചു: 'നീ അയാളുടെ കാര്യത്തിൽ മര്യാദ കാണിച്ചില്ല. തെറ്റുകൾ മറച്ചു വെച്ചതുമില്ല. അധികാരിയുടെ മുന്നിൽ കുറ്റവാളിയെ ഹാജരാക്കിയാൽ ശിക്ഷ നടപ്പിലാക്കുകയല്ലാതെ നിർവാഹമില്ല. അല്ലാഹു വിട്ടുവീഴ്ച ചെയ്യുന്നവനും പൊറുക്കുന്നവനുമാണ്. അതിനാൽ ജനങ്ങളും പരസ്പരം വിട്ടുവീഴ്ച ചെയ്യട്ടെ.' ഇത്രയും പറഞ്ഞതിനു ശേഷമാണ് മുകളിലുദ്ധരിച്ച തിരുവചനം ഇബ്നു മസ്ഊദ്(റ) ജനങ്ങളെ കേൾപ്പിച്ചത്.

സാമൂഹിക ജീവിതത്തിൽ വ്യക്തികൾ പാലിക്കേണ്ട മര്യാദകളെ കുറിച്ചാണ് ഈ ഹദീസ്. ഓരോ വ്യക്തിയുടെയും അന്തസ്സും അഭിമാനവും ഇസ്‌ലാം ഉയർത്തിപ്പിടിക്കുന്നു. ആരുടെയും അഭിമാനം ക്ഷതപ്പെടുത്താനോ കരുതിക്കൂട്ടി വ്യക്തിഹത്യ നടത്താനോ ദീൻ ഒരാളെയും അനുവദിക്കുന്നില്ല. തെറ്റുകുറ്റങ്ങൾ പരസ്യപ്പെടുത്താതിരിക്കാനും ന്യൂനതകൾ മറച്ചുവെക്കാനുമാണ് ഇസ്‌ലാം വിശ്വാസികളെ ഉപദേശിക്കുന്നത്. നബി(സ) പറഞ്ഞു: 'ഒരു മുസ്‌ലിമിന്റെ കുറവ് ഒരാൾ മറച്ചുവെക്കുകയാണെങ്കിൽ ഇഹത്തിലും പരത്തിലും അവന്റെ കുറവുകൾ അല്ലാഹു മറച്ചുവെക്കും'(മുസ്‌ലിം). 'ഒരു വ്യക്തി തന്റെ സഹോദരന്റെ അഭിമാനം ക്ഷതപ്പെടുത്തുന്നത് തടഞ്ഞാൽ അന്ത്യനാളിൽ അയാളുടെ മുഖത്തുനിന്ന് നരകാഗ്നിയെ അല്ലാഹു തടഞ്ഞുനിർത്തും.'

ജനങ്ങളുടെ വൈകല്യങ്ങൾ പരതിനടക്കുകയും സമൂഹ മധ്യത്തിൽ അവരുടെ അഭിമാനം പിച്ചിച്ചീന്തുകയും ചെയ്യുന്ന രോഗാതുരമായ മനസ്സുകളെ ഒരിക്കൽ പ്രവാചകൻ(സ) ഇങ്ങനെ അഭിസംബോധന ചെയ്യുകയുണ്ടായി: 'ഹൃദയത്തിൽ ഈമാൻ പ്രവേശിക്കാതെ നാവുകൊണ്ട് മാത്രം വിശ്വാസം പ്രഖ്യാപിച്ചവരേ, നിങ്ങൾ മുസ്‌ലിംകളെ കുറിച്ച് പരദൂഷണം പറയാതിരിക്കുക. അവരുടെ കുറവുകൾ നിങ്ങൾ പരതി നടക്കരുത്. ആരെങ്കിലും അപ്രകാരം ചെയ്താൽ അല്ലാഹു അയാളുടെ ന്യൂനതകൾ അന്വേഷിച്ചു തുടങ്ങും. ഒരുത്തന്റെ കുറവുകൾ അല്ലാഹു അന്വേഷിച്ചു തുടങ്ങിയാൽ തന്റെ വീട്ടിൽവെച്ച് പോലും അല്ലാഹു അവനെ വഷളാക്കിക്കളയും' (അബൂദാവൂദ്). 'അങ്ങനെ ചെയ്താൽ മഹ്ശറിൽ ജനകോടികളുടെ മുമ്പാകെ അല്ലാഹു അവനെ തൊലിയുരിക്കും' എന്ന് മറ്റൊരു നിവേദനത്തിൽ കാണാം.

ജനങ്ങൾ ഒരു മോഷ്ടാവിനെ പ്രവാചകന്റെ മുന്നിൽ ഹാജരാക്കിയ സംഭവമാണ് മേൽ ഹദീസിൽ വിവരിക്കുന്നത്. അയാളെ കരഛേദത്തിന് വിധേയമാക്കിയപ്പോൾ ദുഃഖം കാരണം പ്രവാചകന്റെ മുഖം വിവർണമായി. തന്റെ സമൂഹത്തിലെ കുറ്റവാളികളോടു പോലും ദൈവദൂതൻ വെച്ചുപുലർത്തുന്ന അതിരറ്റ കാരുണ്യത്തിന്റെയും വാത്സല്യത്തിന്റെയും ചിത്രമാണ് ഇവിടെ തെളിഞ്ഞുവരുന്നത്.

'അല്ലാഹു വിട്ടുവീഴ്ച ചെയ്യുന്നവനും വിട്ടുവീഴ്ച ഇഷ്ടപ്പെടുന്നവനുമാണ്. അതിനാൽ നിങ്ങളും പരസ്പരം വിട്ടുവീഴ്ച ചെയ്യുക' എന്ന് നബി അനുചരന്മാരെ ഉണർത്തുന്നു. അല്ലാഹു കാരുണ്യവാനാണ് എന്നറിയാത്തവരോ, അവന്റെ ദയയും വിട്ടുവീഴ്ചയും കാംക്ഷിക്കാത്തവരോ ആയിരിക്കുകയില്ല തെറ്റുകുറ്റങ്ങൾ പറഞ്ഞ് പ്രചരിപ്പിക്കുന്നവരിൽ അധികവും. ആരാധനാകർമങ്ങൾ മുറപ്രകാരം അനുഷ്ഠിക്കുന്നവരും താരതമ്യേന വിശുദ്ധരുമായിരിക്കും ചിലപ്പോൾ അവർ. എങ്കിലും സാമൂഹിക ജീവിതത്തിൽ സഹപ്രവർത്തകരോട് വെച്ചുപുലർത്തേണ്ട മര്യാദകളെക്കുറിച്ച് വേണ്ടരീതിയിൽ ബോധവാന്മാരായിക്കൊള്ളണമെന്നില്ല അത്തരക്കാർ. അവരോടാണ് 'അല്ലാഹു നിങ്ങൾക്ക് പൊറുത്തു തരേണ്ടതില്ലേ, എങ്കിൽ നിങ്ങൾ ജനങ്ങൾക്കും പൊറുത്തുകൊടുക്കുക' എന്ന് റസൂൽ ഉണർത്തുന്നത്.

ഇസ്‌ലാം അനുശാസിച്ച മര്യാദകൾ ലംഘിക്കുന്ന കുറ്റവാളികളെ പിടികൂടി ഭരണാധികാരിയുടെ മുന്നിലെത്തിച്ചാൽ, നിയമം പാലിക്കാൻ പ്രതിജ്ഞാബദ്ധമായ ഭരണകൂടത്തിന് നിശ്ചിത ശിക്ഷ നൽകുകയല്ലാതെ നിർവാഹമില്ല. അതിന് ഇടവരുത്താതെ തെറ്റുകുറ്റങ്ങൾ കഴിയുന്നതും രഹസ്യമായി പരിഹരിക്കാൻ ശ്രമിക്കണമെന്നാണ് പ്രവാചകന്റെ ഓർമപ്പെടുത്തൽ.

**ജഅ്ഫർ എളമ്പിലാക്കോട്**

* ഇമാം ഹാകിം, അഹ്മദ്, ത്വബറാനി, ബൈഹഖി തുടങ്ങിയവർ ഉദ്ധരിച്ച ഈ തിരുവചനത്തിന്റെ നിവേദക പരമ്പര 'സ്വഹീഹ്' ആണെന്ന് ഹാകിം തന്റെ *മുസ്തദ്റകിൽ* പറയുന്നു (ഹാകിം 82:16).